**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**
വXിയൂർ.പി.ഒ., തിരുവനന്തപുരം. പിൻ - 695035
**ഫോൺ:** 04712302490 **ഫാക്സ്:**04712303025/20303080
ഇ-മെയിൽ: dhskerala@gmail.com വെബ്സൈറ്റ്: **www.dhs.kerala.gov.in**

സ്വീകർത്താവ്, 15.08.2019

ജില്ലാ മെഡിക്കൽ ഓഫീസർ
തിരുവനന്തപുരം,കൊല്ലം,പത്തനംതിട്ട,ആലപ്പുഴ,കോട്ടയം, ഇടുക്കി, എറണാകുളം, ത്രിശ്ശൂർ, പാലക്കാട്, മലപ്പുറം,കോഴിക്കോട്,വയനാട്, കണ്ണൂർ, കാസറഗോഡ്.

സർ/ മാഡം,

വിഷയം: ഡോക്സി ഡേ മാർഗ്ഗനിർദ്ദേശം സംബന്ധിച്ച്.

സൂചന: 15.8.2019 ലെ പ്രിൻസിപ്പൽ സെക്രട്ടറിയുടെ യോഗ തീരുമാനം

പ്രളയനാന്തരം മലിനജലവുമായി നേരിട്ട് സമ്പർക്കമുണ്ടായിട്ടുള്ള മുഴുവൻ ജനങ്ങൾക്കും പ്രതിരോധമരുന്നായ "Doxycyclin 100mg"ഗുളിക നിശ്ചിതഅളവിൽ നൽകുന്നതിനെ സംബന്ധിച്ച് വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ടി ക്യാമ്പയിൻ ഏറ്റവും ഫലവത്തായി നടപ്പിലാക്കാൻ ജില്ലാതലത്തിലും തദ്ദേശ്ശീയതലത്തിലും ആരോഗ്യസ്ഥാപനതലത്തിലും ഏകോപിപ്പിക്കേണ്ട ചുമതലകളും കർത്തവ്യങ്ങളും താഴെ പറയുംവിധം സമയബന്ധിതമായി പൂർത്തിയാക്കുവാൻ ഇതിനാൽ നിർദ്ദേശിക്കുന്നു.

1)പ്രളയവുമായി ബന്ധപ്പെട്ട് ഓരോ ജില്ലകളിലും ദുരിതാശ്വാസ ക്യാംപുകളിൽ മാറ്റിപാർപ്പിച്ചിരുന്നവരെ സംബന്ധിച്ചും പ്രളയനാന്തരരക്ഷാ-ശുചീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്നവരെ

സംബന്ധിച്ചും പഞ്ചായത്ത് /നഗരസഭ/മുനിസിപ്പാലിറ്റി തിരിച്ചുള്ള വിശദമായ വിവരം ജില്ലാഭരണസംവിധാനവുമായി ബന്ധപ്പെട്ട് ജില്ലാ surveillence ഓഫീസർ (അഡിഷണൽ ജില്ലാ മെഡിക്കൽ ആഫീസർ / ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ആഫീസർ ) 16/08/2019 രാവിലെ 11മണിക്ക് മുൻപ് സംഭരിക്കേണ്ടതും വിശകലനവിധേയമാക്കി താഴെ പറയുന്ന ഗണങ്ങളാക്കി കീഴ്ഘടകസ്ഥാപനമേധാവികൾക്ക് 16/8/2019 2:00pm ന് മുൻപ് കൈമാറേണ്ടതുമാണ്.

a) **ദുരിതാശ്വാസ ക്യാംപുകളിൽ നിന്ന് മടങ്ങിയവർ**

**b) ദുരിതാശ്വാസ ക്യാംപുകളിൽ നിലവിൽ തുടരുന്നവർ**

**c)പ്രളയനാന്തരരക്ഷാ-ശുചീകരണപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്നവർ**

2)ദുരിതാശ്വാസക്യാംപുകളിൽ നിലവിൽ തുടരുന്നവരെ സംബന്ധിച്ച് പ്രതിരോധ മരുന്ന് വിതരണം സമീപആരോഗ്യസ്ഥാപനങ്ങളുടെ ഉത്തരവാദിത്വം ആയിരിക്കും.ദുരിതാശ്വാസക്യാംപുകളിൽ നിന്നും മടങ്ങുന്ന മുറയ്ക്ക് ടി വിവരങ്ങൾ district surveillance unit വഴി തദ്ദേശീയ തലത്തിലുള്ള ആരോഗ്യസ്ഥാപനങ്ങളിൽ, തുടർ മരുന്ന് വിതരണം ഏകോപിപ്പിക്കുന്ന തരത്തിൽ വിവര കൈമാറ്റം ഉറപ്പാക്കേണ്ടതാണ്.

3) ദുരിതാശ്വാസക്യാംപുകളിൽ നിന്നും മടങ്ങിയെത്തിവരെ കുടുംബക്ഷേ ഉപകേന്ദ്രതലത്തിൽ ഓരോ multipurpose workers നും (JHI & JPHN ) അവരവരുടെ സേവനപരിധിയിൽ വരുന്ന കുടുംബങ്ങളിലെ അംഗങ്ങൾക്ക് പ്രതിരോധ മരുന്ന് ഉറപ്പാക്കുന്ന തരത്തിൽ ഗുണഭോക്താക്കളെ വിഭജിച്ച് നൽകേണ്ടതും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കേണ്ടതുമാണ്.
മേൽഗണത്തിൽപ്പെടുന്ന ഗുണഭോക്താക്കൾക്ക് പ്രതിരോധ മരുന്ന് ലഭ്യമായി എന്നുള്ളത് അതാത് ആരോഗ്യ സ്ഥാപനങ്ങളിലെ മെഡിക്കൽ ആഫീസർമാരുടെ ഉത്തരവാദിത്വം ആയിരിക്കും. ജില്ലാതലത്തിൽ ആരോഗ്യ

സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ നടക്കുന്ന ടി ക്യാമ്പയിനെ സംബന്ധിച്ച ക്രോഡീകൃത വിവരങ്ങൾ ലഭ്യമാകേണ്ടതാണ്.

4)പ്രളയനാന്തരരക്ഷാ-ശുചീകരണപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ആരോഗ്യ പ്രവർത്തകർ, സന്നദ്ധ പ്രവർത്തകർ, സൈനിക / അർദ്ധസൈനിക പ്രവർത്തകർ , പ്രളയ /മലിന ജലവുമായി സംപർകം വന്ന ആൾക്കാർ എന്നിവർക്ക് ശരീരത്തിന്റെ ഏതെങ്കിലും ഭാഗത്ത് മുറിവുകളുണ്ടെങ്കിൽ അവർക്ക് രോഗസാധ്യത കൂടുതലാകയാൽ തുടർച്ചയായി അഞ്ചു ദിവസം doxycyclin 100mg ഗുളിക 02 നേരം കഴിച്ചു എന്നുറപ്പാക്കേണ്ടതുണ്ട്. ആശുപത്രിതലത്തിൽ പ്രളയനാന്തര പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്നവരെ സംബന്ധിച്ച് വിവരം ലഭ്യമാകേണ്ടതും, മേൽ വിവരങ്ങൾ കുടുംബക്ഷേമഉപകേന്ദ്രതലത്തിൽ multipurpose workers (JHI/JPHN) ന്റെ മേൽനോട്ടത്തിൽ ആശ പ്രവർത്തകരെ പ്രത്യേകമായി നിർദ്ദേശിച്ച് " DIRECTLY OBSERVED TREATMENT " രീതിയിൽ തുടർച്ചയായി അഞ്ചു ദിവസം doxycyclin 100mg ഗുളിക 02 നേരം കഴിച്ചു എന്നുറപ്പാക്കേണ്ടതുമാണ് . മേൽ രീതിയിലുള്ള മരുന്ന് വിതരണം അതാത് മെഡിക്കൽ ഓഫീസർ തദ്ദേശീയമായി ഉറപ്പാക്കേണ്ടതാണ്. ഡോക്സിസൈക്ലിൻ ഗുളിക നൽകുന്നവരുടെ ലൈൻ ലിസ്റ്റ് എല്ലാ ആരോഗ്യ സ്ഥാപനങ്ങളും കൃത്യമായി സൂക്ഷിക്കേണ്ടതാണ്.

ആരോഗ്യവകുപ്പ് ഡയറക്ടർ